## പതിമൂന്നാംകേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.92      13.06.2013 – ൽ മറുപടിക്ക്**

## ദേശീയപാതകളിലെ മേൽപ്പാലങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.കെ.കെ.ജയചന്ദ്രൻ**<br>**ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |

(എ) സംസ്ഥാനത്ത് ദേശീയ പാതകളിൽ മേൽപാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(എ) സംസ്ഥാനത്ത് ദേശീയ പാതകളിൽ 9 റെയിൽവേ മേൽപ്പാലങ്ങൾ പുതുതായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ പടന്നക്കാട്, ഇടപ്പള്ളി എന്നിവ ദേശീയപാത വിഭാഗവും, വെങ്ങളം, വെങ്ങോലി, നന്തിബസാർ, ചെങ്ങോട്ട്ക്കാവ്, മുഴപ്പിലങ്ങാട്, പാലക്കാട് വിക്ടോറിയ കോളേജ്, തൃപ്പൂണിത്തുറ എസ്.എൻ.ജംഗ്ഷൻ എന്നിവ ആർ.ബി.ഡി.സി.കെ.യുമാണ് നിർമ്മിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (ബി) | നിർമ്മാണത്തിലിരിക്കുന്ന മേൽപ്പാലങ്ങൾ ഏതെല്ലാമാണ്; ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | ദേശീയപാത 213 (New NH 966) -ൽ അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലം കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതി യോടെ ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞു. പണി ഉടൻ ആരംഭിക്കും. റെയിൽവേ ഭാഗത്തിന്റെ പണികൾ റെയിൽവേ നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഇതൊഴികെയുള്ള പണികൾ 15 മാസത്തിനകം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | പ്രവൃത്തി ആരംഭിച്ച മേൽ പാലങ്ങളുടെ നിർമ്മാണത്തിന് ഫണ്ടിന്റെ അപര്യാപ്തത നിലനില്ക്കുന്നുണ്ടോ; | (സി) | ഉണ്ട്. ആർ.ബി.ഡി.സി.കെ.-യുടെ പ്രവർത്തികൾക്ക് ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വരൂപിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രസ്തുത വായ്പ തുക തിരികെ അടയ്ക്കുന്നതിന് മേൽപ്പടി പാലങ്ങളിൽ ടോൾ പിരിവിലൂടെയാണ് തുക കണ്ടെത്തുന്നത്. 15 വർഷമാണ് ടോൾ പിരിവിന്റെ കാലാവധി. |
| (ഡി) | നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെങ്കിലും പുതിയ പാലങ്ങൾ/മേൽപാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ | (ഡി) | നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ദേശീയപാതയിൽ പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് നിർദ്ദേശം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനവിഹിതത്തോട്ടു കൂടി നിർമ്മാണം പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതിൽ ആലപ്പുഴ ബൈപ്പാസിൽ രണ്ട് റെയിൽവേ |

| | | | |
|---|---|---|---|
| | നൽകാമോ; ഓരോ പാലത്തിനും പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയെന്നറിയിക്കുമോ; | | മേൽപ്പാലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ചെലവ് കണക്കാക്കിയിട്ടില്ല. |
| (ഇ) | നിർദ്ദിഷ്ട പ്രവൃത്തികൾ ഓരോന്നും എപ്പോൾ ആരംഭിച്ച് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനാവശ്യമായ തുക ഏതെല്ലാം നിലയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഇ) | ദേശീയപാത 213 -ൽ (ന്യൂ എൻ.എച്ച്. 966) ആർ.ബി.ഡി.സി.കെ. നിർമ്മിക്കുന്ന അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ പണി ഉടൻ ആരംഭിക്കും. ഇതിൽ റെയിൽവേ ഭാഗത്തിന്റെ ഒഴികെ ഉള്ള പണികൾ 15 മാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴ ബൈപ്പാസിന്റെ പണി ആരംഭിച്ചാൽ 30 മാസത്തിനുള്ളിൽ റെയിൽവേ മേൽപ്പാലം അടക്കമുള്ള പണികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് ആർ.ബി.ഡി.സി.കെ. ഫണ്ട് സ്വരൂപിക്കുന്നത്. ആലപ്പുഴ ബൈപ്പാസിനുള്ള നിർമ്മാണ ചെലവ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കുന്നതാണ്. |

Dalitha

സെക്ഷൻ ഓഫീസർ